ഇ.എസ്7/692/2019/ആ.വ.ഡ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം

തീയതി: 21/05/2022

## നോട്ടീസ്

വിഷയം:- ആ.വ. – 31.12.2018 വരെ പി. ജി. യോഗ്യത നേടിയ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ ഓർത്തോപീഡിക്സ് വിഭാഗത്തിൽ പ്രൊബേഷൻ പൂർത്തീകരിച്ചവരുടെ പട്ടികയിൽ ഡോ. അജിൻ എഡ്വിൻ –നെ സീനിയോറിറ്റി നം. '1' സ്ഥാനം നൽകിക്കൊണ്ടും നിലവിൽ ടി സ്ഥാനത്തുള്ള ഡോക്ടറുടെ സ്ഥാനം പുനഃക്രമീകരിച്ചുകൊണ്ടും നോട്ടീസ് പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച് -

സൂചന :- 1. ജി.ഒ (പി)നം. 69/2010/H & FWD, തീയതി. 17.02.2010
2. ഇതേ നമ്പർ ഉത്തരവ് തീയതി. 04.05.2019
3. നം. സി1-143/22/താലൂക്കാശുപത്രി, പേരാമ്പ്ര, തീയതി. 05.04.2022

ആരോഗ്യ വകുപ്പിൽ 31.12.2018 വരെ പി. ജി. യോഗ്യത നേടിയ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ ഓർത്തോപീഡിക്സ് വിഭാഗത്തിൽ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തവരുടെ ലിസ്റ്റിൽ (ലിസ്റ്റ്-II) ഉൾപ്പെട്ടിരുന്ന ഡോ. അജിൻ എഡ്വിൻ – തന്റെ അസിസ്റ്റന്റ് സർജൻ കേഡറിലെ പ്രൊബേഷൻ പൂർത്തീകരിച്ചതായി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെ പ്രൊബേഷൻ പൂർത്തീകരിച്ചവരുടെ ലിസ്റ്റിൽ (ലിസ്റ്റ് – I) സീനിയോറിറ്റി നം. **'1'** സ്ഥാനം നൽകുവാനും നിലവിൽ ടി സ്ഥാനത്തുള്ള ഡോക്ടറുടെ സ്ഥാനം പുനഃക്രമീകരിക്കുവാനും താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | ജനന തീയതി | സർവ്വീസിൽ പ്രവേശിച്ച തീയതി | പി. ജി നേടിയ തീയതി | സീനിയോറിറ്റി നം. പഴയത് | സീനിയോറിറ്റി നം. പുതിയത് | സ്ഥാനക്രമം |
|---|---|---|---|---|---|---|---|
| 1 | ഡോ. അജിൻ എഡ്വിൻ | 11.11.1987 | 29.08.2018 | 31.05.2017 | ലിസ്റ്റ് –II **'12'** | ലിസ്റ്റ് –I 1 | ഡോ. ബന്ധു. റ്റി (റാങ്ക് നം. 2) ക്ക് മുകളിലായി |
| 2 | ഡോ. ബന്ധു. റ്റി | 04.05.1985 | 25.06.2018 | 31.10.2018 | ലിസ്റ്റ് –I '1' | ലിസ്റ്റ് –I '2' | ഡോ. അജിൻ എഡ്വിൻ (റാങ്ക് നം. 1) ന് താഴെയായി |

മേൽ സൂചിപ്പിച്ച പ്രകാരം ക്രമ നം. 1, 2 എന്നിവർക്ക് സീനിയോറിറ്റി നിശ്ചയിച്ച് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപങ്ങളോ പരാതികളോ ഉണ്ടെങ്കിൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 10 ദിവസത്തിനുള്ളിൽ രേഖാമൂലം ഉചിതമാർഗ്ഗേനയോ, ഇ-മെയിൽ (essectiondhs@gmail.com) മുഖാന്തിരമോ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത നോട്ടീസിനെതിരെ ആർക്കും ആക്ഷേപമില്ല എന്ന നിഗമനത്തിൽ തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

ഒപ്പ്/-
ഡോ. രാജു. വി. ആർ
ആരോഗ്യവകുപ്പ് ഡയറക്ടർ (i/c)

സ്വീകർത്താവ്

വ്യക്തികൾക്ക് (ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)

പകർപ്പ്

1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക്(ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്(ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)
3. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്

## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം

വിഷയം:- ആ.വ. – 31.12.2019 വരെ പി. ജി. യോഗ്യത നേടിയ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ ജനറൽ മെഡിസിൻ വിഭാഗത്തിൽ പ്രൊബേഷൻ പൂർത്തീകരിച്ചവരുടെ പട്ടികയിൽ ഡോ. സുമേഷ്. എസ്. പി നായർ -നെ താൽക്കാലികമായി ഉൾപ്പെടുത്തിക്കൊണ്ട് പ്രസിദ്ധീകരിച്ച നോട്ടീസ് അന്തിമ ഉത്തരവാക്കുന്നത് - സംബന്ധിച്ച്-

പരാമർശം :- 1. ജി.ഒ (പി) നം. 69/2010/H & FWD, തീയതി. 17.02.2010

2. ഇതേ നമ്പർ ഉത്തരവ് തീയതി. 27.05.2020 & 03.06.2020

3. ഡോ. സുമേഷ്. എസ്. പി. നായർ സമർപ്പിച്ച അപേക്ഷ തീയതി. 30.03.2022

4. ഇതേ നമ്പർ നോട്ടീസ്, തീയതി. 19.04.2022

## ഉത്തരവ് നം. ഇ.എസ്7/1291/2020/ആ.വ.ഡ/തീയതി : 23/05/2022

ആരോഗ്യ വകുപ്പിൽ 31.12.2019 വരെ പി. ജി. യോഗ്യത നേടിയ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ ജനറൽ സർജറി വിഭാഗത്തിൽ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തവരുടെ പട്ടികയിൽ സീനിയോറിറ്റി നം. '25' ആയി ഉൾപ്പെട്ടിരുന്ന ഡോ. സുമേഷ്. എസ്. പി നായർ, തന്റെ അസിസ്റ്റന്റ് സർജൻ കേഡറിലെ പ്രൊബേഷൻ പൂർത്തീകരിച്ചതിനാൽ പ്രൊബേഷൻ പൂർത്തീകരിച്ചവരുടെ പട്ടികയിൽ സീനിയോരിറ്റി നമ്പർ **'8A'** സ്ഥാനം താൽക്കാലികമായി നൽകുവാൻ തീരുമാനിച്ചുകൊണ്ട് പരാമർശം (4) പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു.

ആയതിന്മേൽ നാളിതുവരെ യാതൊരു ആക്ഷേപവും ലഭ്യമായിട്ടില്ല. ആയതിനാൽ പരാമർശം (4) പ്രകാരം പ്രസിദ്ധീകരിച്ച നോട്ടീസ് സ്ഥിരീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | ജനന തീയതി | സർവ്വീസിൽ പ്രവേശിച്ച തീയതി | പി. ജി നേടിയ തീയതി | സീനിയോരിറ്റി നം. പഴയത് | സീനിയോറിറ്റി നം. പുതിയത് | സ്ഥാനക്രമം |
|---|---|---|---|---|---|---|---|
| 1 | ഡോ. സുമേഷ്. എസ്. പി. നായർ | 08.05.1986 | 03.08.2019 | 30.04.2018 | ലിസ്റ്റ് – II 25 | ലിസ്റ്റ് – I **'8A'** | ഡോ. വിഷ്ണു. ആർ. ഐ(റാങ്ക്. 8) ക്കും ഡോ. സുധീഷ്. എസ്(റാങ്ക്. 9) നും മദ്ധ്യേ) |

മേൽ ഭേദഗതികളോടെ പരാമർശം (2) പ്രകാരമുള്ള ഉത്തരവ് നിലനിൽക്കുന്നതാണ്.

ഒപ്പ്/-

ഡോ. രാജു. വി. ആർ

ആരോഗ്യവകുപ്പ് ഡയറക്ടർ (i/c)

സ്വീകർത്താവ്

വ്യക്തിക്ക് (ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)

പകർപ്പ്

1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർക്ക്(ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)
2. ബന്ധപ്പെട്ട സ്ഥാപന മേധാവിക്ക്(ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)
3. സീനിയർ സൂപ്രണ്ട്, ഇ. എ. സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്